Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad

നമ്പർ. JS/5350/22/GECSKP

തീയതി: 08.07.2022

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എൻജിനീയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- കോളേജ് ക്യാമ്പസ്സിൽ സമയ ക്രമം പാലിക്കുന്നത് സംബന്ധിച്ച്:

സൂചന :- 12/ 10/ 2015 തീയതിയിലെ 26483/G 1 / 15 /ഉ.വി.വ നമ്പർ സർക്കുലർ .
2.സ.ഉ.(സാധാ) നം. 539/2019 / ഉ. വി. തിയ്യതി 7/4/2019

സൂചന സർക്കുലറുകൾ പ്രകാരം, വിദ്യാർത്ഥികൾക്ക് **ക്യാമ്പസ്സിൽ ക്ലാസ്സ്- സമയം കഴിഞ്ഞു തങ്ങാനുള്ള പരമാവധി സമയം രാത്രി ഒമ്പതര മണിയായി നിശ്ചയിച്ചിട്ടുണ്ട്.** ഈ സമയം സർക്കാർ അനുവദിച്ചിട്ടുള്ളത് വിദ്യാർത്ഥികളുടെ പാഠ്യവിഷങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മാത്രമാണ്. ആയതിനാൽ മേൽ സർക്കാർ നിർദ്ദേശ പ്രകാരം മാത്രമേ വിദ്യാർത്ഥികളെ കാമ്പസിൽ 9.30 വരെ തങ്ങാൻ അനുവദിക്കുകയുള്ളൂ. മാത്രമല്ല ഈ സമയങ്ങളിൽ ഈ സ്ഥാപനത്തിൻ്റെ സുരക്ഷക്ക് വാച്ച്മാൻ മാത്രമേ ചുമതലയിൽ ഉണ്ടായിരിക്കുകയുള്ളൂ അവർക്ക് ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികളെ തിരിച്ച് അറിയുന്നതിന് ഐഡൻഡിറ്റി കാർഡ് ആവശ്യമാണ്. ആയതിനാൽ ഐഡൻഡിറ്റി കാർഡ് അണിയാത്ത വിദ്യാർത്ഥികളെ ഈ സമയത്ത് യാതൊരു കാരണവശാലും കാമ്പസിൽ പ്രവേശിപ്പിക്കുന്നതല്ല. കൂടാതെ ഈ സ്ഥാപനത്തിലെ ഏറ്റവും മുകളിലേക്ക് വിദ്യാർത്ഥികൾക്ക് ഒരു സമയത്തും പ്രവേശനമുണ്ടായിരിക്കുന്നതല്ല. അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞ് ക്യാമ്പസ്സിൽ തങ്ങുന്നത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. **ആയതിനാൽ വിദ്യാർത്ഥികളും, പ്രിൻസിപ്പാളിൽ നിന്ന് മുൻകൂട്ടി അനുമതി വാങ്ങിയിട്ടുള്ള ജീവനക്കാർ ഒഴികെ മറ്റ് ജീവനക്കാരും (രാത്രി ഡ്യൂട്ടിയിലുള്ള വാച്ചർമാരൊഴികെ) രാത്രി ഒമ്പതര മണിക്ക് ശേഷം ക്യാമ്പസ്സിൽ ഉണ്ടായിരിക്കാൻ പാടുള്ളതല്ലെന്നു ഇതിനാൽ നിർദ്ദേശിക്കുന്നു.** ഇതിനു വിരുദ്ധമായി കാണുന്ന പക്ഷം, നിലവിലെ സർക്കാർ ചട്ടങ്ങൾ പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1 . നോട്ടീസ് ബോർഡ്
2 . വെബ് അഡ്മിൻ
3 . എല്ലാ ജീവനക്കാരുടെയും, വിദ്യാർത്ഥികളുടെയും അറിവിലേക്ക്

Draft #1 of File JS/5350/22/GECSKP Approved by Principal on 08-Jul-2022 02:54 PM - Page 1